# വിജ്ഞാപനം

**വിദൂരവിദ്യാഭ്യാസകേന്ദ്രപ്രവേശനം: 2012 ജൂൺ1 മുതൽ അപേക്ഷിക്കാം**

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസകേന്ദ്രത്തിലെ 2012 - 2013 അദ്ധ്യയനവർഷത്തേക്കുള്ള ഒന്നാംവർഷ പ്രോഗ്രാമിലേക്ക് പ്രവേശനത്തിന് ഓൺലൈൻ സംവിധാനം വഴി 2012 ജൂൺ 1-ാം തീയതി മുതൽ അപേക്ഷിക്കാം.

ഫീസ് ഇളവിന് അർഹതയുള്ളവർ(എസ്.സി.എസ്.ടി,ഒ.ഇ.സി) ഓൺലൈൻ അപേക്ഷിക്കുന്നതു കൂടാതെ www.e-grantz.kerala.gov.in -ൽനിന്നുകൂടി ഓൺലൈൻ രജിസ്ട്രേഷൻ നടത്തേണ്ടതാണ്. ഈ സൗകര്യം അക്ഷയ സെന്ററുകളിൽ ലഭ്യമാണ്.

ഒന്നാംവർഷ പ്രോഗ്രാമിലേക്ക് (2012-2013) അപേക്ഷിക്കുന്നതിനുള്ള നടപടിക്രമം:
ഐ.ഡി.ഇ. വെബ്സൈറ്റ് **www.ideku.net** വഴി അപേക്ഷാർത്ഥിക്ക് നേരിട്ടോ **Learners' Support Centres** മുഖേനയോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

വെബ്സൈറ്റിലെ ഡൗൺലോഡ് ലിങ്കിൽനിന്ന് പ്രോസ്പക്ടസ്, **Learners' Support Centres** -ന്റെ വിവരങ്ങൾ എന്നിവ ലഭ്യമാണ്. ഐ.ഡി.ഇ. നടത്തുന്ന പ്രോഗ്രാമുകളുടെ വിശദവിവരങ്ങൾ പ്രോസ്പക്ടസിൽ ലഭ്യമാണ് . പ്രോസ്പക്ടസ് ശ്രദ്ധാപൂർവ്വം വായിച്ചതിനുശേഷം അപേക്ഷാർത്ഥികൾ ഓൺലൈൻ രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

പ്രോസ്പക്ടസ് ഫീസ് 250 രൂപയുടെ ചെലാൻ അല്ലെങ്കിൽ ഡിഡി അടച്ചതിനു ശേഷം മാത്രം ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുക.

1. http://www.ideku.net എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള Apply Online എന്ന ബട്ടൺ ലിങ്കിൽ ക്ലിക്ക് ചെയ്യുക.
2. തുടർന്ന് ലഭ്യമാകുന്ന പേജിലെ നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിച്ചതിനുശേഷംI agree rules and regulations of IDE, University of Kerala എന്ന ബോക്സിൽ ക്ലിക്ക് ചെയ്യുക. തുടർന്ന് രജിസ്ട്രേഷൻ സ്റ്റാറ്റസ് (Apply direct / Apply through Learners' Support Centres ) മാർക്ക് ചെയ്തതിനു ശേഷം Click here to Apply Online എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.
3. ഫോട്ടാ അപ്‌ലോഡ് ചെയ്യുക.
4. തുടർന്ന് ചേരുവാൻ ഉദ്ദേശിക്കുന്ന പ്രോഗ്രാമിന്റെ വിവരങ്ങൾ, വ്യക്തിപരമായ വിവരങ്ങൾ, ട്രാൻസ്ഫർ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ, ചേരുവാൻ ഉദ്ദേശിക്കുന്ന പ്രോഗ്രാമിനു വേണ്ട യോഗ്യതയും അതിനു നേടിയ മാർക്കും അടങ്ങിയ വിവരങ്ങൾ, ഇതുവരെ പഠിച്ചിട്ടുള്ള എല്ലാ കോഴ്സുകളുടെയും പൂർണ്ണമായ വിവരങ്ങൾ, പ്രോസ്പക്ടസ് ഫീ അടച്ച ചെല്ലാൻ അല്ലെങ്കിൽ ഡി.ഡി വിവരങ്ങൾ, ജോലി ഉള്ള വ്യക്തിയാണെങ്കിൽ ജോലി സംബന്ധമായ വിവരങ്ങൾ, ഓൺലൈൻ പ്രിന്റൗട്ടിനോടൊപ്പം സമർപ്പിക്കുന്ന ഡോക്യുമെന്റുകളുടെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയതിനു ശേഷം Submit Application എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

5. തുടർന്നു ലഭ്യമാകുന്ന പേജിൽ ഓൺലൈൻ പ്രിന്റൗട്ട് എടുക്കുവാൻ Click here to Print Acknowledgement എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക. ആപ്ലിക്കേഷൻ വിവരങ്ങൾ കാണുന്നതിനും തിരുത്തുന്നതിനു വേണ്ടി View /Edit Your Details എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക. ഓൺലൈൻ പ്രിന്റൗട്ടിൽ പൂരിപ്പിക്കേണ്ടവ പൂരിപ്പിക്കുക. ഓൺലൈൻ പ്രിന്റൗട്ടിൽ രേഖപ്പെടുത്തിയിരിക്കുന്ന **ആപ്ലിക്കേഷൻ നമ്പർ** അപേക്ഷകൻ സൂക്ഷിക്കേണ്ടതാണ്. ഐ.ഡി.ഇ. പ്രോഗ്രാം പ്രവേശനവുമായി ബന്ധപ്പെട്ട് പിന്നീടുള്ള എല്ലാ നടപടിക്രമങ്ങൾക്കും ഈ ആപ്ലിക്കേഷൻ നമ്പർ അപേക്ഷകൻ ഉപയോഗിക്കേണ്ടതാണ്.

ഓൺലൈൻ പ്രിന്റൗട്ട്, നിർദ്ദേശങ്ങളിൽ പറഞ്ഞിരിക്കുന്ന ഡോക്യുമെന്റുകൾ എന്നിവ സഹിതം
ഡയറക്ടർ,
ഐ.ഡി.ഇ.
കേരളസർവകലാശാല
കാര്യവട്ടം, തിരുവനന്തപുരം-695581 എന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്.